# നാലു ജീവിതാനുഗ്രഹങ്ങൾ

عَنْ ابْن عَبّاسٍ أنَّ رَسُول اللَّه ﷺ قَالَ: أرْبَعٌ مَنْ أُعْطِيَهُنَّ فَقَدْ أُعْطِيَ خَيْرَ الدُّنْيا وَالآخِرَةِ: قَلْبٌ شَاكِرٌ، وَلِسَانٌ ذَاكِرٌ، وَبَدَنٌ عَلى البَلاءِ صَابِرٌ، وَزَوْجَةٌ لا تَبْغِيه خَوْنًا فِي نَفْسِهِ وَلا مَالِه (طبراني)

**ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്യുന്നു: "നാല് കാര്യങ്ങൾ നേടിയവന് ഇഹത്തിലും പരത്തിലും ഉത്തമമായത് ലഭിച്ചു; നന്ദി കാണിക്കുന്ന ഹൃദയം, അല്ലാഹുവിനെ സ്മരിക്കുന്ന നാവ്, പരീക്ഷണങ്ങളിൽ ക്ഷമ അവലംബിക്കുന്ന ശരീരം, തന്റെ ശരീരത്തിലും ഭർത്താവിന്റെ ധനത്തിലും വഞ്ചന ഇഷ്ടപ്പെടാത്ത ഭാര്യ"(ത്വബ്റാനി)**

വിശ്വാസികൾ ഉൾക്കൊള്ളേണ്ട നാല് അനുഗ്രഹങ്ങളെ ഓർമിപ്പിക്കുകയാണ് ഈ നബിവചനം. സാധാരണ ഗതിയിൽ അനുഗ്രഹങ്ങളെന്ന് കേൾക്കുമ്പോഴേക്ക് ജീവിത സുഖ സൗകര്യങ്ങളും സൗഭാഗ്യങ്ങളുമാണ് മനസ്സിലേക്കെത്തുക. സുഖ സൗകര്യമുള്ള വീട്, വാഹനം, സമ്പാദ്യം തുടങ്ങിയവ. ഇഹത്തിലും പരത്തിലും നന്മയും വിജയവും കൈവരിക്കുന്നതിന് നിദാനമായ നാല് അനുഗ്രഹങ്ങളെയാണ് ഈ ഹദീസ് പരിചയപ്പെടുത്തുന്നത്.

നന്ദി കാണിക്കുന്ന ഹൃദയമാണ് അതിലൊന്ന്. മനുഷ്യന്റെ സംസ്കരണത്തിന് ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന അവയവമാണ് ഹൃദയം. മനുഷ്യന്റെ മുഴു അവയങ്ങളും നിയന്ത്രിക്കുന്നത് ആ മാംസ പിണ്ഡമാണ്. ഹൃദയം കൽപിക്കുന്നത് ചെയ്യുക എന്നതാണ് മറ്റു അവയവങ്ങളുടെ ഡ്യൂട്ടി. അതുകൊണ്ടാണ് ഹൃദയം നന്നായാൽ മനുഷ്യൻ നന്നായി എന്നു പറയുന്നത്.

റസൂൽ(സ) പറഞ്ഞു: "അറിയുക, ശരീരത്തിൽ ഒരു മാംസ പിണ്ഡമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് മോശമായാൽ ശരീരം മുഴുവൻ മോശമായി. അറിയുക, അതത്രേ ഹൃദയം." അതിനാൽ വിശ്വാസികളുടെ ഹൃദയം നന്നാവണം. അത് സാധ്യമാകണമെങ്കിൽ അല്ലാഹുവിന് നന്ദി കാണിക്കുന്നതായിരിക്കണം. ഹൃദയം ദൈവാനുഗ്രഹങ്ങൾക്ക് നന്ദി കാണിച്ചാൽ അത് അനുസരണമുള്ളതാകും. അതുമുഖേന തെറ്റിൽനിന്ന് സ്വാഭാവികമായും അകന്നുനിൽക്കാനും ദൈവമാർഗത്തിൽ ഉറച്ചുനിൽക്കാനും വിശ്വാസിക്ക് സാധിക്കും.

അല്ലാഹുവിനെ സ്മരിക്കുന്ന നാവാണ് രണ്ടാമത്തെ അനുഗ്രഹം. ഹൃദയം കഴിഞ്ഞാൽ ശ്രദ്ധേയമായ അവയവമാണ് നാവ്. വിശ്വാസിയുടെ വിജയ പരാജയങ്ങൾ തീരുമാനിക്കുന്നേടത്ത് നാവിന് ഹൃദയത്തോളം പങ്കുണ്ട്. നല്ലത് പറയുന്ന നാവില്ലാതെ മറ്റെന്ത് ഗുണമുണ്ടായിട്ടും കാര്യമില്ല. സമൂഹത്തിൽ ഏഷണി പരത്തിയും പരദൂഷണം പറഞ്ഞും മറ്റും നാവിനെ അഴിച്ചുവിടുന്നവരുണ്ട്. അവർ വളരെ മോശമായ വാക്കുകൾ സംസാരത്തിനിടയിൽ പ്രയോഗിക്കുന്നതായും കാണാം. നിയന്ത്രിച്ചില്ലെങ്കിൽ വലിയ നാശങ്ങൾ വിതയ്ക്കാൻ കഴിയുന്ന അവയവമാണ് നാവ്. കെട്ടഴിച്ചുവിട്ടാൽ പിന്നെ അതിനെ നന്മയിലേക്ക് കൊണ്ടുവരിക വലിയ പ്രയാസമാണ്. അതുകൊണ്ടാണ് റസൂൽ ദൈവസ്മരണയുള്ള നാവ് മഹാ അനുഗ്രഹങ്ങളിലൊന്നായി എടുത്തു പറഞ്ഞത്. പരദൂഷണങ്ങളിൽ നിന്നും മറ്റും നാവിനെ നിയന്ത്രിക്കുന്നതോടൊപ്പം ദിക്ർ-ദുആകളിൽ അതിനെ സജീവമാക്കുകയും വേണം.

വീട്ടിൽ നിന്നിറങ്ങുമ്പോഴും വീട്ടിലേക്ക് കയറുമ്പോഴും, മല മൂത്ര വിസർജനത്തിന് പോകുമ്പോഴും അവിടെ നിന്ന് ഇറങ്ങുമ്പോഴും തുടങ്ങി ദൈനംദിന ജീവിതത്തിൽ ചൊല്ലേണ്ട ഒരുപാട് ദിക്റുകളുണ്ട്. ഈ രൂപത്തിൽ അല്ലാഹുവിനെ സ്മരിക്കുന്ന നാവിനെയാണ് അനുഗ്രഹമായി റസൂൽ(സ) എണ്ണിയിരിക്കുന്നത്. ദിക്ർ ഉരുവിടാതെ അവയുടെ മഹിമയും പ്രാധാന്യവും പറയുന്നവരായി മാത്രം നമ്മൾ മാറരുത്.

പരീക്ഷണ ഘട്ടത്തിൽ ക്ഷമിക്കുന്ന ശരീരമാണ് മൂന്നാമത്തേത്. പലർക്കും സാധിക്കാത്തതാണ് പരീക്ഷണ ഘട്ടങ്ങളിൽ ക്ഷമ അവലംബിക്കുകയെന്നത്. ജീവിതം സുഖ-ദുഃഖ സമ്മിശ്രമാണ്. ജീവിത പരീക്ഷണങ്ങളെ ക്ഷമിച്ചും സഹിച്ചും അതിജീവിക്കാൻ കഴിഞ്ഞാൽ അത് അനുഗ്രഹമായി മാറും. ഏതൊരാൾക്കും പരീക്ഷണം വന്നുപെടുക സ്വാഭാവികമാണ്. പ്രവാചകന്മാർക്കു പോലും പരീക്ഷണങ്ങളഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. പ്രബോധന കാലയളവിൽ മകന്റെ ധിക്കാരം നേരിടേണ്ടിവന്ന നൂഹ് നബി(അ), നീണ്ട സ്വപ്നങ്ങൾക്കും പ്രാർഥനകൾക്കും ശേഷം കനിഞ്ഞു കിട്ടിയ കുട്ടിയെ അറുക്കാൻ തയാറാവേണ്ടി വന്ന ഇബ്റാഹീം നബി(അ), രോഗങ്ങളാൽ പരീക്ഷിക്കപ്പെട്ട അയ്യൂബ് നബി(അ), മകനെ നഷ്ടപ്പെട്ട യഅ്ഖൂബ് നബി(അ), ജയിലിൽ കഴിയേണ്ടിവന്ന യൂസുഫ് നബി(അ), കൊടിയ മർദനങ്ങളും പീഡനങ്ങളും സഹിച്ച് ഒടുവിൽ സ്വന്തം നാട് വിട്ടേച്ചുപോകേണ്ടിവന്ന മുഹമ്മദ് നബി(അ)- എല്ലാവരും കൊടിയ പരീക്ഷണങ്ങളെ ക്ഷമാപൂർവം നേരിട്ടവരാണ്. അതുകൊണ്ട് പരീക്ഷണ ഘട്ടത്തിൽ ക്ഷമിക്കാനും സഹിക്കാനും വിശ്വാസികൾക്ക് സാധിക്കണം. ക്ഷമയേക്കാൾ മികച്ച വേറൊരു അനുഗ്രഹവും ഒരാൾക്ക് ലഭിക്കാനില്ല. ക്ഷമിക്കുന്നവർക്ക് അല്ലാഹു കൂടുതൽ അനുഗ്രഹങ്ങൾ ചൊരിയുമെന്ന പ്രവാചക വചനം നമ്മുടെ മനസ്സിലുണ്ടാവണം.

ഭർത്താവിന്റെ ധനത്തിലും സ്വന്തം ശരീരത്തിലും വഞ്ചന ഇഷ്ടപ്പെടാത്ത സദ്വൃത്തയായ സ്ത്രീയെ കുറിച്ചാണ് അവസാനമായി ഹദീസിൽ പറയുന്നത്. ഒരു കുടുംബത്തിന്റെ മൊത്തം അനുഗ്രഹമാണിത്. കുടുംബം വർണാഭവും അർഥവത്തും ശാന്തിയുടെ വിളനിലവുമാകുന്നതിൽ സ്ത്രീയുടെ പങ്ക് ചെറുതല്ല. കുടുംബത്തിൽ അശാന്തി പരത്താനും സ്വൈരം കെടുത്താനും ഭാര്യക്ക് സാധിക്കും. മറിച്ച്, സ്വന്തം ശരീരത്തിലും ഭർത്താവിന്റെ സമ്പത്തിലും സൂക്ഷ്മത പുലർത്തുന്ന ഇണയുണ്ടാവുകയെന്നത് മഹത്തായ അനുഗ്രഹമാണ്. ■